File No.TRANS-C3/88/2020-TRANS

TRANSPORT COMMISSIONERATE
KERALA
RECEIVED
20 MAY 2020
INWARD No

C-130985/2020

കേരള സർക്കാർ

<u>സംഗ്രഹം</u>

ഗതാഗത വകുപ്പ് - ജീവനക്കാര്യം - ജോയിന്റ് റീജിയണൽ ട്രാൻസ്പോർട്ട് ഓഫീസർ തസ്തികകളിലേക്ക് സ്ഥലമാറ്റം നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

ഗതാഗത(സി)വകുപ്പ്

സ.ഉ.(സാധാ) നം.144/2020/ഗതാഗതം തീയതി,തിരുവനന്തപുരം, 19/05/2020

---

പരാമർശം:- 1 ശ്രീമതി.ജിൻസി നസീർ 15.06.2019-ൽ സമർപ്പിച്ച നിവേദനം.

2 സ.ഉ.(സാധാ)നമ്പർ.91/2020/ഗതാഗതം തീയതി.28.02.2020.

3 സ.ഉ.(സാധാ)നമ്പർ.97/2020/ഗതാഗതം തീയതി.02.03.2020.

4 ബഹ.കേരള അഡ്മിനിസ്ട്രേറ്റീവ് ട്രിബ്യൂണൽ ന്റെ 12.03.2020-ലെ OA(EKM)No.384/2020-നമ്പർ ഉത്തരവ്

5 ശ്രീ.കെ.സി.ആന്റണി 12.03.2020-ൽ സമർപ്പിച്ച നിവേദനം

<u>ഉത്തരവ്</u>

പരാമർശം (2) പ്രകാരമുള്ള ഉത്തരവിന്റെ അടിസ്ഥാനത്തിൽ തൃശ്ശൂർ, റീജിയണൽ ട്രാൻസ്പോർട്ട് ഓഫീസിലെ ജോയിന്റ് റീജിയണൽ ട്രാൻസ്പോർട്ട് ഓഫീസറായ ശ്രീ.ബി.ശ്രീപ്രകാശിനെ, ശ്രീ.ഒ.കെ.അനിലിന് റീജിയണൽ ട്രാൻസ്പോർട്ട് ഓഫീസർ ആയി സ്ഥാനക്കയറ്റം നൽകിയ ഒഴിവിലേക്കും ആലുവ, ജോയിന്റ് റീജിയണൽ ട്രാൻസ്പോർട്ട് ഓഫീസർ ശ്രീ.കെ.സി.ആന്റണിയെ തൃശ്ശൂർ, റീജിയണൽ ട്രാൻസ്പോർട്ട് ഓഫീസിലെ ജോയിന്റ് റീജിയണൽ ട്രാൻസ്പോർട്ട് ഓഫീസർ ആയും നിയമിക്കുകയുണ്ടായി.

2)എന്നാൽ പരാമർശം (2) പ്രകാരമുള്ള ഉത്തരവിനെതിരെ ജോയിന്റ് റീജിയണൽ ട്രാൻസ്പോർട്ട് ഓഫീസർ ശ്രീ.ബി.ശ്രീപ്രകാശ്, ബഹ.കേരള അഡ്മിനിസ്ട്രേറ്റീവ് ട്രിബ്യൂണൽ മുൻപാകെ ഹർജി സമർപ്പിക്കുകയും ബഹ.കോടതി പരാമർശം (4) പ്രകാരം ശ്രീ.ബി.ശ്രീപ്രകാശിനു തൃശ്ശൂർ, റീജിയണൽ ട്രാൻസ്പോർട്ട് ഓഫീസിലെ ജോയിന്റ് റീജിയണൽ ട്രാൻസ്പോർട്ട് ഓഫീസർ തസ്തികയിൽ താൽക്കാലികമായി തുടരുന്നതിനു 08.04.2020-വരെ അനുമതി നൽകുകയും ചെയ്തിട്ടുള്ളതാണ്.

3)പരാമർശം (2) പ്രകാരമുള്ള ഉത്തരവിന്റെ അടിസ്ഥാനത്തിൽ ആലുവ, ജോയിന്റ് റീജിയണൽ ട്രാൻസ്പോർട്ട് ഓഫീസർ ശ്രീ.കെ.സി.ആന്റണി ആലുവ, ജോയിന്റ് റീജിയണൽ ട്രാൻസ്പോർട്ട് ഓഫീസർ തസ്തികയിൽ നിന്നും വിടുതൽ ചെയുകയും പ്രസ്തുത തസ്തികയിലേക്ക് ആലപ്പുഴ, ജോയിന്റ് റീജിയണൽ ട്രാൻസ്പോർട്ട് ഓഫീസർ ശ്രീ.സലിം വിജയകുമാർ ചുമതല എടുക്കുകയും ചെയ്തു.

4)കോവിഡ്-19 -ന്റെ പശ്ചാത്തലത്തിൽ ബഹ.കേരള അഡ്മിനിസ്ട്രേറ്റീവ് ട്രിബ്യൂണലിൽ നിന്നും തുടർ ഉത്തരവുകളൊന്നും ലഭ്യമാകാത്ത സാഹചര്യത്തിൽ ശ്രീ.ബി.ശ്രീപ്രകാശ്, തൃശ്ശൂർ റീജിയണൽ ട്രാൻസ്പോർട്ട് ഓഫീസിലെ ജോയിന്റ് റീജിയണൽ ട്രാൻസ്പോർട്ട് ഓഫീസർ ആയി തുടർന്നു

വരികയും ശ്രീ.കെ.സി.ആന്റണി യുടെ നിയമനം ഇത് വരെ ലഭ്യമാകാത്തതുമാണ്.

5)മേൽ വിഷയങ്ങൾ ചൂണ്ടിക്കാണിച്ച ശ്രീ.കെ.സി.ആന്റണി, പരാമർശം (5) പ്രകാരം നിവേദനം സമർപ്പിക്കുകയും സർക്കാർ മേൽ വിവരങ്ങൾ വിശദമായി പരിശോധിക്കുകയും ആയതിന്റെ അടിസ്ഥാനത്തിൽ പൊതുസ്ഥലമാറ്റ നടപടികൾക്ക് വിധേയമായി ചുവടെ പറയുന്ന സ്ഥലംമാറ്റങ്ങൾ ഉടനടി പ്രാബല്യത്തിൽ വരത്തക്കവിധം ഉത്തരവ് പുറപ്പെടുവിക്കുന്നു.

6)തൊടുപുഴ, ജോയിന്റ് റീജിയണൽ ട്രാൻസ്‌പോർട്ട് ഓഫീസർ ആയിരുന്ന ശ്രീ.എം.ശങ്കരൻ പോറ്റി 30.04.2020-ൽ വിരമിച്ച ഒഴിവിലേക്ക് പരാമർശം (1) പ്രകാരമുള്ള അപേക്ഷയുടെ അടിസ്ഥാനത്തിൽ തൃപ്രയാർ, ജോയിന്റ് റീജിയണൽ ട്രാൻസ്‌പോർട്ട് ഓഫീസർ, ശ്രീ.പി.എ.നസീറിനെയും തൃപ്രയാർ, ജോയിന്റ് റീജിയണൽ ട്രാൻസ്‌പോർട്ട് ഓഫീസറിനെ സ്ഥലം മാറ്റുന്ന ഒഴിവിലേക്ക് ജോയിന്റ് റീജിയണൽ ട്രാൻസ്‌പോർട്ട് ഓഫീസർ, ശ്രീ.കെ.സി.ആന്റണിയെയും മാറ്റി നിയമിക്കുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)

**C M AJAYAMOHAN**

അഡിഷണൽ സെക്രട്ടറി

ട്രാൻസ്‌പോർട്ട് കമ്മീഷണർ, തിരുവനന്തപുരം.
ബന്ധപ്പെട്ട ഉദ്യോഗസ്ഥർ (ട്രാൻസ്‌പോർട്ട് കമ്മീഷണർ മുഖേന)
അക്കൗണ്ടന്റ് ജനറൽ(എ&ഇ/ ഓഡിറ്റ്) കേരളം, തിരുവനന്തപുരം.
ബന്ധപ്പെട്ട ട്രഷറി ഓഫീസർക്ക്. (ട്രാൻസ്‌പോർട്ട് കമ്മീഷണർ മുഖേന)
കരുതൽ-ഫയൽ.

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ

ബഹു.ഗതാഗത വകുപ്പ് മന്ത്രിയുടെ പി.എ.ക്കു
ഗതാഗത വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറിയുടെ സി.എ. ക്കു